TB Movie Panel Weekly Review

**#moviepanel**

Haseen Dillruba ഹസീൻ ദിൽറുബ

Written By: Jithin Sreedhar

സാധാരണ വായനക്കാരെ ഉദ്ദേശിച്ചുകൊണ്ട്, അവരിൽ ആകാംഷ ജനിപ്പിക്കുന്ന തരത്തിൽ സ്ത്രീ പുരുഷ ബന്ധങ്ങളും, അവയിലെ പാളിച്ചകളും, അക്രമങ്ങളും ഒക്കെ നിറഞ്ഞ ധാരാളം സാങ്കല്പിക കഥകൾ,1900 -1950 കാലഘട്ടങ്ങളിൽ, പ്രധാനമായും അമേരിക്കൻ ഐക്യ നാടുകളിൽ ഇറങ്ങിയിരുന്നു. അവ അച്ചടിച്ചു വന്നിരുന്ന, വില കുറഞ്ഞ, മോശം നിലവാരം ഉള്ള പേപ്പറുകളുടെ പേരിൽ ആണ് അവ പൊതുവെ അറിയപ്പെട്ടിരുന്നത്. പിന്നീട് ഒരു ജനപ്രിയ വിഭാഗമായി മാറിയ, പൾപ്പ് ഫിക്ഷൻ!

ഈ അടുത്തിടക്ക് നെറ്റ്ഫ്ലിക്സിൽ ഇറങ്ങിയ , ഏതാണ്ട് മുകളിൽ പറഞ്ഞ പൾപ്പ് ഫിക്ഷൻ വിഭാഗത്തിൽ പെടുത്താവുന്ന, ഒരു മികച്ച സിനിമയാണ് , ഹസീൻ ദിൽറുബ!

സാമാന്യ ബുദ്ധി പലപ്പോഴും ഇവിടെ വരയ്ക്ക് പുറത്ത് നിർത്തപ്പെടും. പക്ഷെ, നമ്മൾ അത് അറിയാതെ പോകും എന്നു മാത്രം. എല്ലാം കഴിയുമ്പോൾ തോന്നും, ഇങ്ങനെ ഒക്കെ സംഭവിക്കുമോ എന്ന് ?! ചുരുക്കി പറഞ്ഞാൽ ഇതിൽ ജീവിതം ഉണ്ട്, കോമഡി ഉണ്ട്, പ്രണയം ഉണ്ട്, ആക്ഷൻ ഉണ്ട്, അതിനെല്ലാം അപ്പുറം ഒരു മികച്ച സസ്പെൻസ് ഉണ്ട്, പക്ഷെ, "കഥയിൽ ചോദ്യമില്ല" എന്നു മാത്രം!

റാണിയുടെ ഭർത്താവായ ഋഷഭ് സക്സേന എന്ന റിഷു വീട്ടിലെ ഗ്യാസ് പൊട്ടിത്തെറിച്ചു മരിക്കുന്നിടത്താണ് കഥ തുടങ്ങുന്നത്. കാര്യമായ അവശേഷിപ്പുകൾ ഒന്നും സ്ഫോടനം ബാക്കി വെച്ചിട്ടില്ല എങ്കിലും, പരിശോധനയിൽ റിഷുവിന്റെ തലയോടിന്, പിന്നിൽ നിന്നും ശക്തമായ അടിയേറ്റിട്ടുണ്ട് എന്ന് പൊലീസിന് മനസ്സിലാകുന്നു. ഒന്നുകിൽ, സ്ഫോടനത്തിൽ തെറിച്ചു വീണപ്പോൾ തലയടിച്ചത് ആകാം, അല്ലെങ്കിൽ അത് ഒരു ആസൂത്രിതമായ കൊലപാതകം ആകാം. സ്വാഭാവികമായും, നീൽ ത്രിപാതി എന്നൊരു യുവാവും ആയി ഒരിക്കൽ അവിഹിത ബന്ധം ഉണ്ടായിരുന്നു എന്ന് കരുതപ്പെടുന്ന റാണിയ്ക്കും, കാമുകനും നേരെ സംശയം ഉയരുന്നു. പക്ഷെ, തലയ്ക്ക് അടിക്കാൻ ഉപയോഗിച്ച ആയുധമോ, നീൽ എന്ന കാമുകനെയോ കണ്ടെത്താൻ കഴിയാത്തത് പോലീസിനെ കുഴപ്പിക്കുന്നു. ഓരോ തവണ പോലീസ് ചോദ്യം ചെയ്യുമ്പോഴും റാണി പറയുന്ന ഫ്ലാഷ് ബാക്കിലൂടെ ആണ് പിന്നീട് കഥ മുന്നോട്ട് പോകുന്നത്. റാണി കുറ്റക്കാരിയാണോ? പോലീസ്,

രഹസ്യങ്ങളുടെ ചുരുൾ അഴിക്കുമോ എന്നൊക്കെ ഈ കോമഡി-ത്രില്ലർ മൂവി കണ്ട് തന്നെ അറിയുക.

റാണിയുടെയും, റിഷുവിന്റെയും പെണ്ണ് കാണലും, കല്യാണവും, തുടർന്നുള്ള നാളുകളും ഒക്കെ, ഓരോ ഘട്ടവും പിന്നിടുന്നത് മനസ്സിലാക്കിത്തരുവാൻ ഉപയോഗിച്ചിരിക്കുന്ന രീതി കൗതുകമുണർത്തുന്നത് ആണ്. കഥാപാത്രങ്ങൾ തമ്മിൽ ഡയലോഗ് കൊണ്ടോ, ശരീര ഭാഷ കൊണ്ടോ തർക്കിക്കുന്ന ഒരു സാങ്കല്പിക രംഗം സൃഷ്ടിക്കുകയും, അതിനു ശേഷം നമ്മൾ അറിയാതെ കഥ അടുത്ത ഘട്ടത്തിലേക്ക് എത്തിക്കുകയും ചെയ്യുന്നു. അവിടെ ഓരോ ഘട്ടത്തിലും അവർ തമ്മിലുള്ള ബന്ധത്തിൽ ഉണ്ടായ ഉയർച്ചയും താഴ്ചയും കൃത്യമായി നമ്മൾക്ക് മനസ്സിലാക്കി തരാൻ കഴിയുന്നു എന്നത് പ്രശംസനീയം തന്നെ! ഇത്തരം ഒരു രംഗം യഥാർത്ഥ ജീവിതത്തിൽ ഉണ്ടാകുമോ എന്ന ചോദ്യത്തിന് അവിടെ പ്രസക്തി ഇല്ല എന്നു തന്നെ ഞാൻ വിശ്വസിക്കുന്നു.

എടുത്തു പറയേണ്ട മറ്റൊന്ന് ക്യാമറ ആണ്. ഒരു വര വരച്ചാൽ അതിന് സമാന്തരമായി ഫ്രെയിമിന്റെ അതിരുകൾ വെയ്ക്കുന്നതിന് പകരം, കഥാപാത്രങ്ങളുടെ മനസ്സറിഞ്ഞു വെച്ചിരിക്കുന്ന ഫ്രെയിമുകൾ. ഉദാഹരണത്തിന് മുകളിൽ കൊടുത്തിരിക്കുന്ന ഒരു ഷോട്ട്. റാണി ടെറസിൽ നിന്നും താഴേക്ക് നോക്കുന്ന ഒരു സാധാരണ രംഗം. ആ ബാൽക്കണിയുടെ അരികുകൾ നേർ രേഖയിൽ സ്ക്രീനിൽ കൊണ്ട് വന്ന്, സിമെട്രി ഉള്ള, മനോഹരമായ ഒരു രംഗം സൃഷിക്കുന്നതിന് പകരം, കഥാപാത്രത്തിന്റെ മനസ്സ് പോലെ, അവിടെ "ക്യാമറയും" ഒരല്പം 'തെറ്റി'ച്ചാണ് വെച്ചിരിക്കുന്നത് എന്നു കാണാം. സിനിമയിൽ ഉടനീളം, ക്യാമറ കൊണ്ടും അല്ലാതെയും ഇത്തരം പ്രയോഗങ്ങൾ കാണാനാവുന്നതാണ്. കഥയുടെ ഓരോ വഴി തിരിവിലും സ്ക്രീനിന്റെ കളറും, കഥാപാത്രങ്ങളുടെ മേക്കപ്പും, അവരുടെ വസ്ത്രങ്ങളും ഒക്കെ കൃത്യമായി തന്നെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ, മലയാളി കുടുംബപശ്ചാത്തലം ഉള്ള വിനിൽ മാത്യു എന്ന സംവിധായകൾ തീർച്ചയായും അഭിനന്ദനങ്ങൾ അർഹിക്കുന്നു.

രാ വൺ എന്ന ഷാരൂഖ് ചിത്രത്തിന്റെ തിരക്കഥാകൃത്തും, എഴുത്തുകാരിയുമായ കനിക ദില്ലൻ കഥയും, തിരക്കഥയും നിർവഹിച്ചിരിക്കുന്ന ചിത്രത്തിന്റെ ക്യാമറ, JK എന്ന ജയ കൃഷ്ണ ഗുമ്മദിയാണ്. വിന്റർ, കരിങ്കുന്നം സിക്സസ് തുടങ്ങിയ ചിത്രങ്ങളിലൂടെ JK യും നമുക്ക് പരിചിതൻ ആണ്. കൂടാതെ, Amar Mangrulkar ടെ ബാക്ക് ഗ്രൗണ്ട് മ്യൂസിക്ക്, അമിത് ത്രിവേദിയുടെ ഗാനങ്ങൾ, ശ്വേത വെങ്കട്ട് മാത്യുവിന്റെ എഡിറ്റിങ്, വർഷ ചാന്ദിനി, ശിൽപ മഖിജ എന്നിവരുടെ കോസ്റ്റ്യൂം, മുകേഷ് ചബ്രയുടെ കാസ്റ്റിങ്, തുടങ്ങിയവ സിനിമയുടെ ശൈലിയും ആയി പൂർണ്ണമായും ചേർന്നു നിൽക്കുന്നു എന്ന് പറയാതെ വയ്യ.

ഏതായാലും, സിനിമ നെറ്റ്ഫ്ലിക്സിൽ ലഭ്യമാണ്. കാണുക. ആസ്വാദിക്കുക.

Nb :- തപ്സിയും, ആദിത്യ ശ്രീവാസ്തവയും, ഹർഷവർദ്ധൻ രാണയും, വിക്രാന്തും ഒക്കെ അടങ്ങുന്നവരുടെ മികച്ച പ്രകടനവും ചിത്രത്തിന് മുതൽ കൂട്ടാകുന്നുണ്ട്.